മലയാളം MALAYALAM مالايالم :

**2026 ഓഗസ്റ്റ് 21 (8 റബീഉൽ അവ്വൽ 1448) വെള്ളിയാഴ്ച**

# ശർഇൗയായ മര്യാദകളിൽ നിന്ന് (مِنَ الْآدَابِ الشَّرْعِيَّةِ)

സകല കാര്യങ്ങളും അറിവുകൊണ്ട് ആവരണം ചെയ്യുകയും, സൃഷ്ടിപ്പുകളെല്ലാം അത്യുത്തമമാക്കുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തുതിയും. അവൻ തന്റെ ദാസന്മാർക്ക് മര്യാദകൾ പഠിപ്പിക്കുകയും അവരെ ഉത്തമ രീതിയിൽ ശിക്ഷണം ചെയ്യുകയും ചെയ്തു. ഈ ദീനിനെ ഒരു പൂർണ്ണമായ ശരീഅത്താക്കി മാറ്റി; ജീവിതത്തിന്റെ ഒരു കാര്യവും അതിന് വ്യക്തമായ അതിർവരമ്പുകൾ നിശ്ചയിക്കാതെ വിട്ടുപോയിട്ടില്ല, ഒരു സ്വഭാവത്തെയും സംസ്കരിക്കാതെയും വിട്ടിട്ടില്ല.

അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി (സ) അവന്റെ ദാസനും റസൂലുമാണെന്നും, ഉത്തമ സ്വഭാവങ്ങൾ പൂർത്തിയാക്കാനും സൂക്ഷ്മമായ മര്യാദകൾ പഠിപ്പിക്കാനുമായി അയക്കപ്പെട്ടവനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു അവിടുത്തേക്കും കുടുംബത്തിനും സ്വഹാബികൾക്കും ധാരാളമായി സ്വലാത്തും സലാമും വർഷിക്കട്ടെ.

**അമ്മ ബാഅ്ദ് (അതിനുശേഷം):**

അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷ്മതയോടെ ഭയപ്പെടുക (തഖ്‌വ ചെയ്യുക). സമൂഹങ്ങൾ അറിയപ്പെടുന്നത് അവരുടെ സമ്പത്തിന്റെ ആധിക്യം കൊണ്ടോ കെട്ടിടങ്ങളുടെ ഉയരം കൊണ്ടോ അല്ല, മറിച്ച് അവരുടെ സ്വഭാവമഹിമയും മര്യാദകളും കൊണ്ടാണ് എന്ന് നിങ്ങൾ മനസ്സിലാക്കുക.

شاعر കവിതയിൽ പറഞ്ഞതുപോലെ:

وَإِنَّمَا الأُمَمُ الأَخْلَاقُ مَا بَقِيَتْ     فَإِنْ هُمُ ذَهَبَتْ أَخْلَاقُهُمْ ذَهَبُوا

"സമൂഹങ്ങൾ നിലനിൽക്കുന്നത് അവരുടെ ഉത്തമ സ്വഭാവങ്ങൾ ഉള്ളിടത്തോളമാണ്; എന്നാൽ അവരുടെ സ്വഭാവ മഹിമ നശിച്ചാൽ അവരും നശിച്ചുപോകും."

പെരുമാറ്റം എന്നത് ഹൃദയത്തിന്റെ കണ്ണാടിയാണ്, സംസ്കാരം എന്നത് ഉള്ളിലെ ചിന്തകളുടെ പരിഭാഷയുമാണ്.
അല്ലാഹു തആലാ പറയുന്നു:

{وَاتَّقُوا يَوْمًا تُرْجَعُونَ فِيهِ إِلَى اللَّهِ ثُمَّ تُوَفَّى كُلُّ نَفْسٍ مَا كَسَبَتْ وَهُمْ لَا يُظْلَمُونَ}

*(അർത്ഥം: അല്ലാഹുവിലേക്ക് നിങ്ങൾ മടക്കപ്പെടുന്ന ഒരു ദിനത്തെ നിങ്ങൾ സൂക്ഷിക്കുക. അതിനുശേഷം ഓരോ വ്യക്തിക്കും താൻ അധ്വാനിച്ചതിന്റെ ഫലം പൂർണ്ണമായി നൽകപ്പെടും, അവരോട് ഒരു അക്രമവും കാണിക്കപ്പെടുകയില്ല.) [അൽ-ബഖറ: 281].*

മുസ്‌ലിംകളേ:
ഈ ദീനിന്റെ ഏറ്റവും അത്ഭുതകരമായ സവിശേഷതകളിലൊന്ന്, അത് വലിയ കാര്യങ്ങൾ നന്നാക്കുന്നതിൽ മാത്രം ഒതുങ്ങിനിന്നില്ല എന്നതാണ്. മറിച്ച്, അത് മനുഷ്യന്റെ സൂക്ഷ്മമായ ശീലങ്ങളിലേക്കും പെരുമാറ്റങ്ങളിലേക്കും ഇറങ്ങി ച്ചെല്ലുകയും അതിനെ മനോഹരമായി രൂപപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഒരു മുസ്‌ലിമിന്റെ ജീവിതം മുഴുവൻ ഒരു മര്യാദയായി മാറി: അവന്റെ ആരാധനകളിൽ, ഇടപാടുകളിൽ, സംസാരത്തിൽ, ഭക്ഷണത്തിൽ, ഉറക്കത്തിൽ, എന്തിനേറെ മലമൂത്രവിസർജ്ജന മര്യാദകളിൽ പോലും.

സൽമാൻ (റ) വിൽ നിന്ന് നിവേദനം: ഒരു വ്യക്തി അദ്ദേഹത്തോട് ചോദിച്ചു: "നിങ്ങളുടെ പ്രവാചകൻ നിങ്ങളെ മലമൂത്രവിസർജ്ജനം ചെയ്യുമ്പോൾ പോലും എങ്ങനെ പെരുമാറണമെന്ന് പഠിപ്പിക്കുന്നതായി ഞാൻ കാണുന്നുവല്ലോ!" അദ്ദേഹം പറഞ്ഞു: "അതെ, തീർച്ചയായും. നിങ്ങൾ അതിനെ പരിഹസിച്ചാലും ശരി, ഞങ്ങളിൽ ഒരാൾ വിസർജ്ജനത്തിന് പോയാൽ എങ്ങനെ പെരുമാറണമെന്ന് അവിടുന്ന് ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്."

അവിടുന്ന് നമ്മോട് വിലക്കിയിരിക്കുന്നു:
«يَنْهَانَا أَنْ يَسْتَقْبِلَ أَحَدُنَا الْقِبْلَةَ وَأَنْ يَسْتَدْبِرَهَا، وَأَنْ يَسْتَنْجِيَ أَحَدُنَا بِيَمِينِهِ، وَأَنْ يَتَمَسَّحَ أَحَدُنَا بِرَجِيعٍ وَلَا عَظْمٍ، وَأَنْ يَسْتَنْجِيَ بِأَقَلَّ مِنْ ثَلَاثَةِ أَحْجَارٍ»
*(ഞങ്ങളിൽ ഒരാൾ വിസർജ്ജനം ചെയ്യുമ്പോൾ ഖിബ്‌ലയ്ക്ക് മുന്നിടാനോ തിരിഞ്ഞുനിൽക്കാനോ പാടില്ലെന്നും, വലതുകൈ കൊണ്ട് ശൗചം ചെയ്യരുതെന്നും, മൃഗങ്ങളുടെ വിസർജ്യങ്ങൾ കൊണ്ടോ എല്ലുകൾ കൊണ്ടോ തടവരുതെന്നും, മൂന്നിൽ കുറഞ്ഞ കല്ലുകൾ കൊണ്ട് ശൗചം ചെയ്യരുതെന്നും അവിടുന്ന് വിലക്കി യിരിക്കുന്നു.) [മുസ്‌ലിം, അഹ്മദ്].*

നിങ്ങൾ എങ്ങനെ ഇരിക്കണം, എങ്ങനെ സംസാരിക്കണം, എന്തിനേറെ എങ്ങനെ തുമ്മണം, എങ്ങനെ ഹൈവായ അഥവാ കൊട്ടുവായ് വിടണം, നിസ്സാരമായ സാഹചര്യങ്ങളിൽ പോലും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ എങ്ങനെ ജീവിക്കണം എന്ന് പഠിപ്പിക്കുന്ന ഒരു ദീൻ! ഇതിനേക്കാൾ വലിയൊരു സമഗ്രത വേറെ ഏതുണ്ട്?! ഇതിനേക്കാൾ മഹത്തായ ഒരു ശിക്ഷണം വേറെ ഏതാണുള്ളത്?

അല്ലാഹുവിന്റെ ദാസന്മാരേ:
ഇസ്‌ലാമിലെ മര്യാദ (അദബ്) എന്നത് വെറുമൊരു കൃത്രിമമായ ബാഹ്യമോഹ മല്ല, മറിച്ച് അത് രഹസ്യമായ ഒരു ആരാധനയാണ്. അതിലൂടെ ആത്മാക്കൾ അളക്കപ്പെടുകയും മനുഷ്യരുടെ മാന്യത തിരിച്ചറിയപ്പെടുകയും ചെയ്യുന്നു. ഈ

സൂക്ഷ്മ കാര്യങ്ങൾ ശ്രദ്ധിക്കുന്നവൻ ഹൃദയവിശുദ്ധിയും ആത്മാവിന്റെ പ്രസരിപ്പും നല്ല സ്വഭാവവുമുള്ളവനാണ്. എന്നാൽ ഇതിനെ നിസ്സാരമാക്കുന്നവൻ ഉള്ളിലെ അശ്രദ്ധയെയും സ്വഭാവത്തിലെ ദാക്ഷിണ്യമില്ലായ്മയെയുമാണ് വെളിപ്പെടുത്തുന്നത്.

അതുകൊണ്ടാണ് ഇസ്‌ലാമിക ശരീഅത്ത് ദൈനംദിന ശീലങ്ങളെ സംസ്കരിക്കാ നും പെരുമാറ്റങ്ങളെ നന്നാക്കാനും വന്നത്. അതിൽപെട്ട ഒന്നാണ് തുമ്മലിന്റെ മര്യാദകൾ.

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു:
«إِنَّ اللَّهَ يُحِبُّ العُطَاسَ، وَيَكْرَهُ التَّثَاؤُبَ، فَإِذَا عَطَسَ فَحَمِدَ اللَّهَ، فَحَقٌّ عَلَى كُلِّ مُسْلِمٍ سَمِعَهُ أَنْ يُشَمِّتَهُ»
*(തീർച്ചയായും അല്ലാഹു തുമ്മലിനെ ഇഷ്ടപ്പെടുകയും കൊട്ടുവായ് വിടുന്നതിനെ വെറുക്കുകയും ചെയ്യുന്നു. അതിനാൽ ഒരാൾ തുമ്മുകയും അല്ലാഹുവിനെ സ്തുതിക്കുകയും (അൽഹംദുലില്ലാഹ് എന്ന് പറയുകയും) ചെയ്താൽ, അത് കേൾക്കുന്ന ഓരോ മുസ്‌ലിമിനും അവന് പ്രാർത്ഥിച്ചു കൊടുക്കൽ (തശ്മീത് ചെയ്യൽ) നിർബന്ധമായ കാര്യമാണ്.) [ബുഖാരി, മുസ്‌ലിം].*

നോക്കൂ, ഇസ്‌ലാം തുമ്മലിനെ എപ്രകാരമാണ് ഒരു ദിക്റാക്കി മാറ്റിയതെന്നും സൃഷ്ടികൾ തമ്മിലുള്ള ബന്ധത്തിനും കാരുണ്യത്തിനും കാരണമാക്കിയതെന്നും!

- തുമ്മിയയാൾ പറയുന്നു: (الحَمْدُ لِلَّهِ) *(അല്ലാഹുവിനാണ് സർവ്വ സ്തുതിയും)*
- *അവന്റെ* സഹോദരൻ മറുപടി നൽകുന്നു: (يَرْحَمُكَ اللَّهُ) *(അല്ലാഹു നിനക്ക് കരുണചെയ്യട്ടെ)*
- തുമ്മിയയാൾ തിരിച്ചു പ്രാർത്ഥിക്കുന്നു: (يَهْدِيكُمُ اللَّهُ وَيُصْلِحُ بَالَكُمْ) *(അല്ലാഹു നിങ്ങളെ നേർവഴിയിലാക്കുകയും നിങ്ങളുടെ അവസ്ഥ നന്നാക്കുകയും ചെയ്യട്ടെ)*
ചെറിയ വാക്കുകളാണ്, എന്നാൽ അവ സ്നേഹത്തെ കെട്ടിപ്പടുക്കുകയും ആത്മബന്ധം വളർത്തുകയും ചെയ്യുന്നു.

കൂടാതെ, തുമ്മുന്ന സമയത്ത് ശബ്ദം കുറയ്ക്കുകയും വായ മറയ്ക്കുകയും ചെയ്തുകൊണ്ട് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കാതിരിക്കലും മര്യാദയുടെ ഭാഗമാണ്.
«كَانَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا عَطَسَ غَطَّى وَجْهَهُ بِيَدِهِ أَوْ بِثَوْبِهِ، وَغَضَّ بِهَا صَوْتَهُ»
*(നബി (സ) തുമ്മുമ്പോൾ അവിടുത്തെ മുഖം കൈകൊണ്ടോ വസ്ത്രം കൊണ്ടോ മറയ്ക്കുകയും ശബ്ദം താഴ്ത്തുകയും ചെയ്യുമായിരുന്നു.) [തിർമിധി -*

സത്യവിശ്വാസികളേ:
മറ്റൊരു മര്യാദയാണ് കൊട്ടുവായ് (ഹൈ) വിടുന്നതിന്റെ മര്യാദ.

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു:
«التَّثَاؤُبُ مِنَ الشَّيْطَانِ، فَإِذَا تَثَاءَبَ أَحَدُكُمْ فَلْيَرُدَّهُ مَا اسْتَطَاعَ، فَإِنَّ أَحَدَكُمْ إِذَا قَالَ: هَا، ضَحِكَ الشَّيْطَانُ»

*(കൊട്ടുവായ് വിടുന്നത് പിശാചിൽ നിന്നുള്ളതാണ്. അതിനാൽ നിങ്ങളിലൊരാൾക്ക് കൊട്ടുവായ് വന്നാൽ കഴിയുന്നത്ര അത് തടയട്ടെ. കാരണം ഒരാൾ 'ഹാ' എന്ന് ശബ്ദമുണ്ടാക്കിയാൽ പിശാച് ചിരിക്കുന്നു.) [ബുഖാരി, മുസ്‌ലിം].*

കൊട്ടുവായ് പിശാചിലേക്ക് ചേർക്കപ്പെട്ടത് അത് മടി, ഭാരം, അലസത എന്നിവയിൽ നിന്ന് ഉണ്ടാകുന്നതുകൊണ്ടാണ്. എന്നാൽ അല്ലാഹു ഇഷ്ടപ്പെടുന്ന തുമ്മൽ ഇതിൽ നിന്ന് വ്യത്യസ്തമായി ഉന്മേഷത്തെയും ചടുലതയെയുമാണ് സൂചിപ്പിക്കുന്നത്. അതിനാൽ മുസ്‌ലിം കൊട്ടുവായുടെ കാരണങ്ങളെ അകറ്റാനും, തന്റെ ഗൗരവവും മര്യാദയും നഷ്ടപ്പെടാത്ത രീതിയിൽ അതിനെ നേരിടാനും ഉപദേശിക്കപ്പെടുന്നു.

സൂക്ഷ്മമായ മര്യാദകളിൽ പെട്ടതാണ് ഏമ്പക്കം വിടുന്നതിന്റെ മര്യാദകൾ. വയറ്റിൽ നിന്ന് വായ വഴി പുറത്തുവരുന്ന കാറ്റിന്റെ ശബ്ദമാണിത്. വയറ് നിറയുമ്പോഴാണ് ഇത് അധികവും സംഭവിക്കുന്നത്. ചുറ്റുമുള്ളവരെ പരിഗണിക്കാതെ ഒരാൾ മനഃപൂർവ്വം ആ വെറുപ്പുളവാക്കുന്ന ശബ്ദം പുറപ്പെടുവിക്കുമ്പോൾ അത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

ഇബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം: ഒരാൾ നബി (സ) യുടെ അടുത്തിരുന്ന് ഏമ്പക്കം വിട്ടു. അപ്പോൾ നബി (സ) പറഞ്ഞു:

«كُفَّ عَنَّا جُشَاءَكَ»

*(നിന്റെ ഏമ്പക്കം നമ്മിൽ നിന്ന് തടയുക/മറച്ചുവെക്കുക).* [തിർമിധി].

ഇവിടെ നബി (സ) സ്വഭാവ സംസ്കരണവും ശീലങ്ങൾ തിരുത്തലും ഒന്നിച്ചു നൽകുകയാണ് ചെയ്തത്. ഏമ്പക്കത്തെ വിലക്കിയത് അതിന്റെ പ്രധാന കാരണമായ അമിതമായി വയറു നിറച്ചുണ്ണുന്നതിനെ വിലക്കിക്കൊണ്ടു കൂടിയാണ്.

മിഖ്ദാം ബിൻ മഅ്ദീ കരിബ (റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ (സ) പറയുന്നത് ഞാൻ കേട്ടു:

«مَا مَلَأَ آدَمِيٌّ وِعَاءً شَرًّا مِنْ بَطْنٍ، بِحَسْبِ ابْنِ آدَمَ أُكُلَاتٌ يُقِمْنَ صُلْبَهُ، فَإِنْ كَانَ لَا مَحَالَةَ فَثُلُثٌ لِطَعَامِهِ، وَثُلُثٌ لِشَرَابِهِ، وَثُلُثٌ لِنَفَسِهِ»

*(മനുഷ്യൻ വയറിനേക്കാൾ മോശമായ ഒരു പാത്രവും നിറച്ചിട്ടില്ല. അവന്റെ നട്ടെല്ല് നിവർന്നുനിൽക്കാൻ ആവശ്യമായ ഏതാനും ഉരുളകൾ മനുഷ്യന് ധാരാളമാണ്. ഇനി അത്രയധികം കഴിക്കണമെന്ന് നിർബന്ധമാണെങ്കിൽ, മൂന്നിലൊന്ന് ഭക്ഷണത്തിനും, മൂന്നിലൊന്ന് പാനീയത്തിനും, മൂന്നിലൊന്ന് ശ്വാസോച്ഛ്വാസത്തിനുമായി മാറ്റിവെക്കട്ടെ.) [തിർമിധി].*

അറബികൾ പറയാറുണ്ടായിരുന്നു: *(വയറ് നിറഞ്ഞാൽ ചിന്താശേഷി മന്ദഗതിയിലാകും).*

എന്റെ ഈ വാക്കുകൾ ഞാൻ പറയുന്നു. എനിക്കും നിങ്ങൾക്കും വേണ്ടിയും സകല പാപങ്ങളിൽ നിന്നും ഞാൻ അല്ലാഹുവോട് പശ്ചാത്തപിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അവനോട് പാപമോചനം തേടുകയും പശ്ചാത്തപിക്കുകയും ചെയ്യുക; തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

## രണ്ടാം ഖുതുബ (الخُطْبَةُ الثَّانِيَةُ)

അല്ലാഹുവിന് അത്യധികം പരിശുദ്ധവും അനുഗൃഹീതവുമായ സർവ്വ സ്തുതിയും അർപ്പിക്കുന്നു. അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി (സ) അവന്റെ ദാസനും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അമ്മ ബാഅ്ദ് (അതിനുശേഷം):

അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവിനെ അർഹിക്കുന്ന രീതിയിൽ സൂക്ഷ്മതയോടെ ഭയപ്പെടുക (തഖ്‌വ ചെയ്യുക). രഹസ്യത്തിലും പരസ്യത്തിലും അവനെ നിരീക്ഷിക്കുക. നിങ്ങൾ അവനിലേക്കാണ് ഒരുമിച്ചുകൂട്ടപ്പെടുന്നത് എന്ന് മനസ്സിലാക്കുകയും ചെയ്യുക.

അനുഗൃഹീതരായ ജനങ്ങളേ:
ഇസ്‌ലാം പൊതു സാഹചര്യങ്ങളിൽ ഇത്തരം പെരുമാറ്റങ്ങളെ സംസ്കരിച്ചുവെങ്കിൽ, അല്ലാഹുവിന്റെ ഭവനങ്ങളിൽ (പള്ളികളിൽ) ഇവ ശ്രദ്ധിക്കുന്നത് അതിനേക്കാൾ ഏറെ ഉറപ്പിച്ചതും മഹത്തായതുമാണ്. കാരണം പള്ളികൾക്ക് അതിന്റേതായ വിശുദ്ധിയുണ്ട്; അതിന് ആദരവിന്റെയും ബഹുമാനത്തിന്റെയും വലിയ അവകാശമുണ്ട്.

അല്ലാഹു തആലാ പറയുന്നു:
**{فِي بُيُوتٍ أَذِنَ اللَّهُ أَنْ تُرْفَعَ وَيُذْكَرَ فِيهَا اسْمُهُ يُسَبِّحُ لَهُ فِيهَا بِالْغُدُوِّ وَالْآصَالِ (36) رِجَالٌ لَا تُلْهِيهِمْ تِجَارَةٌ وَلَا بَيْعٌ عَنْ ذِكْرِ اللَّهِ وَإِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ الْقُلُوبُ وَالْأَبْصَارُ}**
*(അർത്ഥം: ചില ഭവനങ്ങളിൽ (പള്ളികളിൽ) അല്ലാഹുവിന്റെ നാമം കീർത്തിക്കപ്പെടാനും അവ ഉയർത്തപ്പെടാനും അവൻ ഉത്തരവിട്ടിരിക്കുന്നു. രാവിലെയും വൈകുന്നേരവും ചില പുരുഷന്മാർ അതിൽ അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. കച്ചവടമോ കൊടുക്കൽവാങ്ങലുകളോ അല്ലാഹുവിനെ ഓർക്കുന്നതിൽ നിന്നും നമസ്കാരം മുറപോലെ നിർവ്വഹിക്കുന്നതിൽ നിന്നും സകാത്ത് നൽകുന്നതിൽ നിന്നും അവരെ തെറ്റിക്കുകയില്ല. ഹൃദയങ്ങളും കണ്ണുകളും കാഴ്ചകളും തലകീഴായി മറിയുന്ന ഒരു ദിനത്തെ അവർ ഭയപ്പെടുന്നു.) [അന്നൂർ: 36 - 37].*

എന്നാൽ, ശ്രദ്ധിക്കപ്പെടാതെ പോകുന്ന എത്രയെത്ര ശല്യങ്ങളാണ് ഇന്ന് പള്ളി കളിൽ നമ്മൾ കാണുന്നത്! വായ മറയ്ക്കാതെയും ശബ്ദം താഴ്ത്താതെയും തുമ്മുന്നതും

കൊട്ടുവായ് വിടുന്നതും ഏമ്പക്കം വിടുന്നതുമെല്ലാം ഇതിൽപെടുന്നു. പള്ളികൾ ശരീര അവയവങ്ങൾ അടങ്ങിയിരിക്കേണ്ടതും ഹൃദയങ്ങൾ ഭയഭക്തി യോടെ നിലകൊള്ളേണ്ടതുമായ സ്ഥലങ്ങളാണ്. ജനങ്ങളുടെ സദസ്സുകളിൽ മര്യാദ പാലിക്കുകയും സർവ്വ ലോക രക്ഷിതാവിന്റെ ഭവനത്തിൽ അത് മറന്നുപോവുക യും ചെയ്യുന്നത് ചിന്തിക്കാൻ കഴിയുമോ?!

സത്യവിശ്വാസികളേ:
പള്ളിയെ ആദരിക്കുന്നതിന്റെ ഭാഗമാണ് വെറുപ്പുളവാക്കുന്ന കാര്യങ്ങളിൽ നിന്ന് അതിനെ സംരക്ഷിക്കലും, ആരാധനയുടെ തെളിച്ചത്തെ കെടുത്തുന്ന എല്ലാറ്റിൽ നിന്നും അതിനെ കാത്തുസൂക്ഷിക്കലും. പള്ളിയിൽ ഖുർആൻ ഓതുമ്പോൾ പോലും ശബ്ദം ഉയർത്തുന്നത് ശരീഅത്ത് വിലക്കിയിട്ടുണ്ടെങ്കിൽ, ഇത്തരം ശല്യപ്പെടുത്തുന്ന കാര്യങ്ങളിലൂടെ ശബ്ദമുയർത്തുന്നതിന്റെ അവസ്ഥ എന്തായിരിക്കും!

അബൂസഈദ് അൽ ഖുദ്‌രി (റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു:

«أَلَا إِنَّ كُلَّكُمْ مُنَاجٍ رَبَّهُ، فَلَا يُؤْذِيَنَّ بَعْضُكُمْ بَعْضًا، وَلَا يَرْفَعْ بَعْضُكُمْ عَلَى بَعْضٍ فِي الْقِرَاءَةِ»

*(അറിയുക! നിങ്ങൾ ഓരോരുത്തരും തങ്ങളുടെ രക്ഷിതാവിനോട് സ്വകാര്യം പറയുന്നവരാണ്. അതിനാൽ നിങ്ങളിൽ ചിലർ മറ്റു ചിലരെ ബുദ്ധിമുട്ടിക്കരുത്. ഓത്തിൽ ഒരാൾ മറ്റൊരാൾക്ക് മീതെ ശബ്ദമുയർത്തുകയും അരുത്.) [അബൂദാവൂദ്].*

സായിബ് ബിൻ യസീദ് (റ) വിൽ നിന്ന് നിവേദനം:
(ഞാൻ പള്ളിയിൽ നിൽക്കുകയായിരുന്നു. അപ്പോൾ ഒരാൾ എന്റെ നേരെ ചെറിയ കല്ലെടുത്തെറിഞ്ഞു. ഞാൻ നോക്കിയപ്പോൾ അത് ഉമർ ബിൻ ഖത്താബ് (റ) ആയിരുന്നു. അവിടുന്ന് പറഞ്ഞു: "നീ പോയി ആ രണ്ടുപേരെ എന്റെ അടുക്ക ലേക്ക് കൊണ്ടുവരിക." ഞാൻ അവരെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ ഉമർ (റ) ചോദിച്ചു: "ആരാണ് നിങ്ങൾ? (അല്ലെങ്കിൽ എവിടെ നിന്നാണ് നിങ്ങൾ?)" അവർ പറഞ്ഞു: "ഞങ്ങൾ ത്വായിഫ് പ്രവിശ്യയിൽ നിന്നുള്ളവരാണ്." ഉമർ (റ) പറഞ്ഞു: "നിങ്ങൾ ഈ നാട്ടുകാരായിരുന്നെങ്കിൽ ഞാൻ നിങ്ങളെ വേദനിപ്പിക്കുമായിരുന്നു (ശിക്ഷിക്കുമായിരുന്നു). അല്ലാഹുവി ന്റെ റസൂൽ (സ) യുടെ പള്ളിയിൽ വെച്ചാണോ നിങ്ങൾ ശബ്ദമുയർത്തുന്നത്?!") [ബുഖാരി].

അല്ലാഹുവിന്റെ ദാസന്മാരേ:
ഇത്തരം കാര്യങ്ങളിലെ മര്യാദ എന്നത് മനസ്സിന്റെ ഉയർന്ന സംസ്കാരത്തിന്റെ യും സജീവാത്മാവിന്റെയും തെളിവാണ്. സത്യവിശ്വാസി തനിക്ക് വേണ്ടി മാത്രം ജീവിക്കുന്നവനല്ല. മറിച്ച്, അവൻ ചുറ്റുമുള്ളവരെ പരിഗണിക്കുകയും നിസ്സാരമാ യ കാര്യമാണെങ്കിൽ പോലും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്ന കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്നു.

അബ്ദുല്ലാഹി ബിൻ അംറ് (റ) വിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു:

«المُسْلِمُ مَنْ سَلِمَ المُسْلِمُونَ مِنْ لِسَانِهِ وَيَدِهِ، وَالمُهَاجِرُ مَنْ هَجَرَ مَا نَهَى اللَّهُ عَنْهُ»

*(മറ്റ് മുസ്‌ലിംകൾ ആരുടെ നാവിൽ നിന്നും കയ്യിൽ നിന്നും സുരക്ഷിതരായിരിക്കുന്നുവോ അവനാണ് യഥാർത്ഥ മുസ്‌ലിം. അല്ലാഹു വിലക്കിയ കാര്യങ്ങൾ വെടിഞ്ഞവനാണ് യഥാർത്ഥ മുഹാജിർ (സ്വദേശം വെടിഞ്ഞവൻ).)* [ബുഖാരി, മുസ്‌ലിം].

നാവും കയ്യും കൊണ്ട് ബുദ്ധിമുട്ടുണ്ടാക്കുന്നത് വിലക്കപ്പെട്ടതുപോലെ തന്നെ, അസ്വസ്ഥതയും ബുദ്ധിമുട്ടുമുണ്ടാക്കുന്ന ഏത് കാര്യവും വിലക്കപ്പെട്ടതാണ്. അതിനാൽ, സ്വന്തം മനസ്സിനെ സംസ്കരിക്കാനും മറ്റുള്ളവരെ ഇത്തരം ഉത്തമ സംസ്കാരങ്ങളിലേക്ക് വഴിനടത്താനും ഈ സ്വഭാവ മര്യാദകളിലേക്ക് സ്വയം അച്ചടക്കത്തോടെ നയിക്കാനും ഓരോ മുസ്‌ലിമും ബാധ്യസ്ഥനാണ്.

പ്രാർത്ഥന (ദുആ):

അല്ലാഹുവേ, നീ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും പ്രതാപം നൽകേണമേ.
ശിർക്കിനെയും മുശ്‌രിക്കുകളെയും നീ നിന്ദ്യരാക്കേണമേ.

അല്ലാഹുവേ, മുസ്‌ലിംകളായ പുരുഷന്മാർക്കും സ്ത്രീകൾക്കും,
സത്യവിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും - അവരിൽ
ജീവിച്ചിരിക്കുന്നവർക്കും മരണപ്പെട്ടവർക്കും നീ പൊറുത്തുനൽകേണമേ.

അല്ലാഹുവേ, ഞങ്ങളുടെ ഭരണാധികാരിക്കും (അമീർ) വലീ അഹ്ദിനും നിന്റെ
സന്മാർഗ്ഗത്തിൽ സഞ്ചരിക്കാൻ തൗഫീഖ് നൽകേണമേ. അവരുടെ
പ്രവർത്തനങ്ങളെ നിന്റെ അനുസരണത്തിലും തൃപ്തിയിലുമാക്കേണമേ.

ഈ നാടിനെയും സകല മുസ്‌ലിം രാജ്യങ്ങളെയും സമാധാനവും സ്വസ്ഥതയും
ഐശ്വര്യവും സമൃദ്ധിയുമുള്ള ഈമാനിന്റെയും സുരക്ഷിതത്വത്തിന്റെയും
സങ്കേതമാക്കേണമേ.

*(വെള്ളിയാഴ്ച ഖുതുബ തയ്യാറാക്കുന്ന മാതൃകാ സമിതി)*